# ഓൺലൈൻ ജോലി തട്ടിപ്പ് നഷ്ടപ്പെട്ട തുക തിരികെ പിടിച്ച് പോലീസ്

ജോലിയുമായി ബന്ധപ്പെട്ട് ഓൺലൈൻ തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് റൂറൽ പോലിസ് . കഴിഞ്ഞദിവസം റൂറൽ പോലീസിൻറെ സമയോചിതമായ ഇടപെടൽ നിമിത്തം യുവാവാന് നഷ്ടമായ രൂപ തിരികെ കിട്ടി. പുതിയ ജോലിക്കു വേണ്ടി ഒരു ഓൺലൈൻ സ്ഥാപനത്തിൽ ഇദ്ദേഹം പേര് രജിസ്റ്റർ ചെയ്തു. തുടർന്ന് ഇദ്ദേഹത്തിന് മൊബൈലിൽ വിളിയും വന്നു.അവർ നിർദേശിച്ച വെബ്സൈറ്റിൽ 25 രൂപ അടച്ച് പേര് രജിസ്റ്റർ ചെയ്യാനായിരുന്നു ആവശ്യം. യൂസർ ഐഡിയും, പാസ് വേഡും അവർ നൽകുകയായിരുന്നു. ഈ സൈറ്റിൽ കയറിയാൽ പേമെൻറ് അടക്കേണ്ട പേജിലേക്കാണ് നേരെ ചെന്നെത്തുക. പേമെൻറ് അടക്കാൻ ശ്രമിക്കുമ്പോൾ അതിനും കഴിയുന്നില്ല .പ്രോസസ് പരാജയപ്പെട്ടുവെന്ന് കമ്പനിയെ അറിയിച്ചപ്പോൾ മറ്റൊരു കാർഡ് ഉപയോഗിക്കാനായിരുന്നു മറുപടി. രജിസ്ട്രേഷൻ നടപടികൾക്കിടയിൽ അക്കൗണ്ടിൽ നിന്നും ഒരു തുക നഷ്ടമായെന്ന് മൊബൈലിൽ ഒരു മെസേജ് വന്നു. ഈ വിവരം കമ്പനിയെ അറിയിച്ചപ്പോൾ മൊബൈലിൽ വന്ന മെസേജ് അയക്കാൻ അവർ ആവശ്യപ്പെട്ടു. ബാലൻസ് തുക എഡിറ്റ് ചെയ്ത മെസേജ് യുവാവ് കമ്പനിക്ക് അയച്ചു കൊടുത്തു. അതുപോരെന്നും മെസേജ് പൂർണ്ണമായും അയക്കണമെന്നും ആവശ്യപ്പെട്ടു. തുടർന്ന് തട്ടിപ്പ് മനസിലായ ഇദ്ദേഹം കാർഡ് ബ്ലോക്ക് ചെയ്ത് പോലിസിനെ അറിയിക്കുകയായിരുന്നു. സൈബർ വിഭാഗം ഇടപെട്ട് നഷ്ടപ്പെട്ട തുക തിരികെ ലഭ്യമാക്കി. ഇതിന് പോലിസിന് നന്ദി പറഞ്ഞ് യുവാവ് പോസ്റ്റും ഇട്ടു. ഓൺലൈൻ വഴി ജോലി ലഭ്യമാക്കുമെന്ന് പറഞ്ഞുള്ള തട്ടിപ്പുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടെന്ന് ജില്ലാ പോലിസ് മേധാവി കെ. കാർത്തിക് പറഞ്ഞു. ഇത്തരക്കാരുമായുള്ള പണമിടപാടുകൾ സൂക്ഷിക്കുക. ഒ.ടി.പി നമ്പറുകൾ കൈമാറിയാൽ നഷ്ടം ഭീകരമായിരിക്കുമെന്നും, ഇതിനെക്കുറിച്ച് അന്വേഷണം നടക്കുന്നുണ്ടെന്നും എസ്.പി കെ. കാർത്തിക് പറഞ്ഞു.